(ബി&സി) കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം കിട്ടുന്ന മുറയ്ക്ക് ആവശ്യമായ സ്ഥലങ്ങളിൽ പുതിയ അംഗൻവാടികൾ സ്ഥാപിക്കുന്നതാണ്.

(ഡി) പുതുതായി അംഗൻവാടികൾ അനുവദിക്കുന്നത് കേന്ദ്ര സർക്കാരാണ്.

പുതിയ അംഗൻവാടികൾ

34 (1226) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ അംഗൻവാടികൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിൽ ഏതൊക്കെ സ്ഥലമാണ് പരിഗണനയിലുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ&ബി) കേന്ദ്രസർക്കാരിന്റെ അനുവാദം കിട്ടുന്ന മുറയ്ക്ക് ആവശ്യമായ സ്ഥലങ്ങളിൽ പുതിയ അംഗൻവാടികൾ സ്ഥാപിക്കുന്നതാണ്.

അംഗൻവാടികൾ അനുവദിക്കുന്നതിന് സ്വീകരിക്കുന്ന മാനദ്ണ്ഡം

35 (1227) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗൻവാടികൾ അനുവദിക്കുന്നതിന് സ്വീകരിച്ചു വരുന്ന മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത മാനദണ്ഡം രൂപപ്പെടുത്താനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണോ ;

(സി) അല്ലെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ജനസംഖ്യാനുപാതികമായി അംഗൻവാടികൾ അനുവദിക്കാൻ എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ഇ) അംഗൻവാടികളിലെ പോഷകാഹാര വിതരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ സാഹചര്യത്തിൽ പ്രസ്തുത ആവശ്യം പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആയിരം ജനസംഖ്യയ്ക്ക് ഒരു അംഗൻവാടി എന്ന മാനദണ്ഡമാണ് സംസ്ഥാനത്ത് സ്വീകരിച്ചിരിക്കുന്നത്. എന്നാൽ പട്ടികവർഗ്ഗ മേഖലകളിൽ എഴുന്നൂറ് ജനസംഖ്യയ്ക്ക് ഒരംഗൻവാടി എന്ന മാനദണ്ഡമാണ് സ്വീകരിച്ചിട്ടുള്ളത്.

(ബി) അല്ല.

(സി) കേന്ദ്രസർക്കാർ നൽകിയിട്ടുള്ള ഐ.സി.ഡി.എസ്. മാർഗ്ഗ നിർദ്ദേശ പ്രകാരമാണ് മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല.

(ഇ) കേന്ദ്ര ഗവൺമെന്റിന്റെ ഐ.സി.ഡി.എസ്. മാർഗ്ഗ നിർദ്ദേശപ്രകാരം മാത്രമേ അംഗൻവാടി അനുവദിക്കാൻ കഴിയുകയുള്ളൂ. അതിനാൽ പ്രസ്തുത ആവശ്യം സംസ്ഥാന സർക്കാരിനു മാത്രം പരിഗണിക്കാൻ സാധിക്കുകയില്ല.

കോഴിക്കോട് ജില്ലയിലെ അംഗൻവാടികൾ

36 (1228) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഐ.സി.ഡി.എസ്. പ്രോജക്ടിലെ ബാലുശ്ശേരി, അത്തോളി, പനങ്ങാട്, ഉള്ളിയേരി എന്നീ പഞ്ചായത്തുകളിലും ചേളന്നൂർ ഐ.സി.ഡി.എസ്. പ്രോജക്ടിലുള്ള ഏലത്തൂർ, തലക്കുളത്തൂർ, നന്മണ്ട പഞ്ചായത്തുകളിലും എത്രവീതം അംഗൻവാടികൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികൾ എത്ര ; ഇപ്പോൾ കെട്ടിനിർമ്മാണ പ്രവർത്തി തുടങ്ങുന്ന അംഗൻവാടികൾ എത്ര എന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) വിവരം താഴെ കൊടുക്കുന്നു.

1. ബാലുശ്ശേരി പ്രോജക്ട്

പഞ്ചായത്തിന്റെ പേര് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന അംഗൻവാടികൾ

ബാലുശ്ശേരി	28
അത്തോളി	28
പനങ്ങോട്	31
ഉള്ളിയേരി	28

2. ചേളന്നൂർ പ്രോജക്ട്

ഏലത്തൂർ	37
തലക്കുളത്തൂർ	25
നന്മണ്ട	23

LIBRARY ARCHIVES Kerala Legislative Assembly